**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 478** **08-10-2024 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിത നിർണയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. സനീഷ്കുമാർ ജോസഫ്, ശ്രീമതി ഉമ തോമസ് | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിത നിർണയം സംബന്ധിച്ച് പ്രതിപക്ഷ നേതാവും നാല് സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഉൾപ്പെടെയുള്ളവർ പങ്കെടുത്ത കോൺക്ലേവിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | 12/09/2024 ലെ തമിഴ്നാട്, കർണ്ണാടക, തെലങ്കാന, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലെ പ്രതിനിധികൾ ഉൾപ്പെടെയുള്ളവർ പങ്കെടുത്ത കോൺക്ലേവിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വന്ന ക്രിയാത്മകമായ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് പതിനാറാം ധനകാര്യ കമ്മീഷൻ മുൻപാകെയുള്ള സംസ്ഥാനത്തിന്റെ മെമ്മോറാണ്ടം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം നിർണയിക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ പ്രകൃതിദുരന്തങ്ങളും കാലാവസ്ഥാ വ്യതിയാനവും ഉൾപ്പെടെയുള്ള പ്രസക്ത ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് ധനകാര്യ കമ്മീഷനോട് ആവശ്യമുന്നയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പതിനാറാം ധനകാര്യ കമ്മീഷന് സമർപ്പിക്കുന്നതിനുള്ള മെമ്മോറാണ്ടം തയ്യാറാക്കുന്നതിനായി പ്രൊഫ. സി. പി ചന്ദ്രശേഖർ ന്റെ നേതൃത്വത്തിൽ ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മെമ്മോറാണ്ടം തയ്യാറാക്കുന്ന നടപടി പ്രസ്തുത ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പുരോഗമിച്ച് വരുന്നു. |
| (സി) | സംസ്ഥാനത്തിന്റെ ധനകാര്യ മാനേജ്മെന്റിൽ അച്ചടക്കം പുലർത്തിക്കൊണ്ട് സുതാര്യവും കൃത്യവുമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ ധനകാര്യ കമ്മീഷനിൽ നിന്നും നികുതി വിഹിത നിർണയത്തിൽ അനുകൂലമായ തീരുമാനം നേടിയെടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | പതിനാറാം ധനകാര്യ കമ്മീഷന് സമർപ്പിക്കുന്നതിനുള്ള മെമ്മോറാണ്ടം തയ്യാറാക്കുന്നതിനായി പ്രൊഫ. സി. പി ചന്ദ്രശേഖർ ന്റെ നേതൃത്വത്തിൽ ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ മെമ്മോറാണ്ടം തയ്യാറാക്കുന്ന നടപടി പ്രസ്തുത ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ